**അടിയന്തരപ്രമേയം**

**പൊതുഫണ്ട് വിനിയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ**

മി. സ്പീക്കർ: പൊതുമരാമത്ത് വകുപ്പിൽ ആസ്തിവികസനം, മണ്ഡലം സ്പെഷ്യൽ ഡെവലപ്മെന്റ് ഗ്രാമീണറോഡ്, നബാർഡ് സഹായം, സ്പീഡ് കേരള തുടങ്ങിയ പദ്ധതികളുടെ ഫണ്ടുകളുപയോഗിച്ച് റോഡുകൾ, പാലങ്ങൾ തുടങ്ങിയ പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ധനാനുമതിയും നൽകുന്നതിന് പ്രതിപക്ഷത്തെ അംഗങ്ങൾ നൽകുന്ന നിർദ്ദേശങ്ങൾ ബോധപൂർവ്വം കാലവിളംബം വരുത്തുകയും മറ്റ് നിലകളിലും ഉത്തരവുകൾ പുറപ്പെടുവിക്കാതെ വിവേചനം കാണിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ചിറ്റയം ഗോപകുമാർ, ജെയിംസ് മാത്യൂ, മാത്യൂ റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് വകുപ്പിൽ ആസ്തിവികസനം, മണ്ഡലം സ്പെഷ്യൽ ഡെവലപ്മെന്റ് തുടങ്ങിയ ജോലികളുടെ കാര്യത്തിൽ ഭരണാനുമതി കൊടുക്കുന്നതും പ്രത്യേകാനുമതി കൊടുക്കുന്നതും പൊതുമരാമത്ത് വകുപ്പ് അല്ല. ഈ ഗവൺമെന്റിന്റെ കാലത്താണ്

ആസ്തി വികസന ഫണ്ട് 141 എം.എൽ.എ.-മാർക്കും ഒരുപോലെ 5 കോടിരൂപ വീതം നൽകിയത് എന്നുള്ള പ്രധാനപ്പെട്ട കാര്യം ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നബാർഡ് സഹായം പദ്ധതി നടപ്പിലാക്കുമ്പോൾ ഭരണകക്ഷിയാണോ പ്രതിപക്ഷമാണോ എന്ന് നോക്കാറില്ല. അരൂർ നിയോജക മണ്ഡലത്തിലെ ഏറ്റവും വലിയൊരു നബാർഡ് വർക്കാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തത്. നബാർഡ് സഹായ പദ്ധതി തുകയായ 48 കോടിരൂപ ഉപയോഗിച്ചാണ് അവിടെയൊരു പാലം നിർമ്മിച്ചത്.

സ്പീഡ് കേരള പദ്ധതി- പ്രസ്തുത പദ്ധതിയിൽ 23 വർക്കാണ് ഉണ്ടായിരുന്നത്. സ്പീഡ് കേരള പദ്ധതിയുടെ അർത്ഥം പെട്ടെന്ന് ചെയ്യുന്ന ജോലി എന്നുമാത്രമല്ല, 'sustainable and planned effort to ensure infrastructure development' എന്നാണ്. അതായത് നമ്മുടെ infrastructure development ensure ചെയ്യുന്നൊരു പ്രോഗ്രാമാണ്. അത് മണ്ഡലങ്ങൾക്ക് വീതിച്ചുകൊടുക്കുന്നതല്ല. ഭാഗ്യവശാൽ, അങ്ങനെ കൊടുത്തുവന്നപ്പോൾ അതും പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലത്തിലാണ് വന്നിട്ടുള്ളത്. കോഴിക്കോട് ബൈപ്പാസ് പദ്ധതി വന്നിരിക്കുന്നത് ഇവിടെ തന്നിട്ടുള്ള നോട്ടീസിലെ ബഹുമാനപ്പെട്ട എ. കെ. ശശീന്ദ്രൻ എം.എൽ.എ.-യുടെ മണ്ഡലത്തിലാണ്. അതുപോലെ കൊയിലാണ്ടി എം.എൽ.എ.-യായ ശ്രീ. കെ.

ദാസന്റെ മണ്ഡലത്തിലുമാണ് 153 കോടിരൂപയുടെ കോഴിക്കോട് ബൈപ്പാസിന്റെ വർക്ക് സ്പീഡ് കേരള പദ്ധതിയിൽ വന്നത്. ഈ പദ്ധതി കഞ്ഞിക്കുഴിയിൽ വരുമ്പോൾ ബഹുമാനപ്പെട്ട മാത്യു റ്റി. തോമസിന്റെ മണ്ഡലത്തിലും വരുന്നുണ്ട്. സ്പീഡ് കേരളയിൽ 23 പദ്ധതികളായിരുന്നു നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. പ്രസ്തുത പദ്ധതിയിൽ കോഴിക്കോട് ബൈപ്പാസ്, പാലാരിവട്ടം ഫ്ലൈ ഓവർ, രാമപുരം-നാലമ്പലം, കഞ്ഞിക്കുഴി-വെട്ടത്തുകവല, തലശ്ശേരി-മാഹി എന്നീ 5 പദ്ധതി നടപ്പിലാക്കിയാൽ മതിയെന്ന് ധനകാര്യ വകുപ്പ് പറഞ്ഞു. തലശ്ശേരി-മാഹി പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തിനായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതും പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലാണ് വരാൻ പോകുന്നത്. സ്പീഡ് കേരള പദ്ധതിയിൽ യാതൊരുവിധ വിവേചനവുമില്ല. എന്നുമാത്രമല്ല ഈ പദ്ധതി കൂടുതലും പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലാണ് വന്നിരിക്കുന്നത്.

ഗ്രാമീണ റോഡ് പദ്ധതി- ഈ അടുത്ത കാലത്ത് കൊടുത്ത പഞ്ചായത്ത് റോഡുകളിൽ പ്രസ്തുത പദ്ധതി ആവശ്യപ്പെട്ട എല്ലാ പ്രതിപക്ഷ എം.എൽ.എ.-മാർക്കും നീഡ് ബേസിസിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഒരു ഓർഡർ ഇന്നലെ ഇറങ്ങിയിട്ടുണ്ട്. ബഹുമാനപ്പെട്ട ജി. സുധാകരൻ എം.എൽ.എ.-യുടെ

ഓർഡർ ഇന്നലെ ഇറങ്ങിക്കഴിഞ്ഞു. ആ ഓർഡറിലുള്ള എല്ലാവരുടെയും ലിസ്റ്റ് ഞാൻ വായിക്കാം. ശ്രീ. ജി. സുധാകരൻ, ശ്രീ. റ്റി. വി. രാജേഷ്, ശ്രീ. പി. തിലോത്തമൻ, ശ്രീ. തോമസ് ചാണ്ടി, ശ്രീ. സി. കെ. സദാശിവൻ, ശ്രീ. എ. എം. ആരിഫ്, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. ജോസ് തെറ്റയിൽ, ശ്രീ. എം. ചന്ദ്രൻ, ഡോ. കെ. ടി. ജലീൽ, ശ്രീ. ബി. ഡി. ദേവസ്സി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി. എസ്. അച്ചുതാനന്ദൻ, ശ്രീമതി കെ. എസ്. സലീഖ, ശ്രീ. എ. കെ. ബാലൻ, ശ്രീ. കെ. സുരേഷ് കുറുപ്പ് തുടങ്ങിയവരുടെയൊക്കെ ഓർഡർ ഇറങ്ങിയിട്ടുണ്ട്. ഇത് തരുന്ന ദിവസം തന്നെ മന്ത്രിക്ക് ഓർഡർ എഴുതി തരാൻ സാധിക്കില്ല, അതിന്റെ പ്രോസസ്സ് കംപ്ലീറ്റ് ചെയ്തുമാത്രമേ ഓർഡർ ഇറക്കാൻ സാധിക്കുകയുള്ളൂ. ഈ ഓർഡർ ആവശ്യപ്പെട്ട എല്ലാ പ്രതിപക്ഷ എം.എൽ.എ.-മാർക്കും നീഡ് ബേസിസിൽ കൊടുക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷ എം.എൽ.എ.-മാർക്കും എല്ലാവർക്കും തുല്യപങ്കാളിത്തമുണ്ടാകുമെന്ന ഉറപ്പ് നൽകുന്നു.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ഇങ്ങനെയൊരു അടിയന്തരപ്രമേയം കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും ഒരുപക്ഷേ അവതരിപ്പിക്കുന്നത്. കാരണം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്ന പ്പോൾ ഇങ്ങനെയൊരു അവസ്ഥ

ഉണ്ടാക്കിക്കൊടുത്തിരുന്നില്ല. ഈ വിഷയത്തിൽ വളരെ വിവേചനപരമായിട്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് ഇടപെട്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ നാലുവർഷക്കാലമായി കേരളത്തിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളുടെ പരിശോധന നടത്തിയാൽ ഏറ്റവുംകൂടുതൽ പണം ചെലവഴിച്ചിട്ടുള്ളത് യു.ഡി.എഫ്. എം.എൽ.എ.-മാരുടെയും മന്ത്രിമാരുടെയും മണ്ഡലങ്ങളിലാണെന്ന് വ്യക്തമാക്കാൻ കഴിയും. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അരൂർ നിയോജക മണ്ഡലത്തിൽ 48 കോടിരൂപ ഉപയോഗിച്ച് പാലം നിർമ്മിച്ച കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടാണെന്ന് പറഞ്ഞ് ശ്രീ. കെ. സി. വേണുഗോപാൽ, എം.പി. അവിടെ പ്രസ്താവന നടത്തിക്കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ നിങ്ങൾക്കെന്താണ് പറയാനുള്ളത്? നാഷണൽ ഹൈവേ എന്നുപറയുന്നത് ഏതെങ്കിലും ഒരു മണ്ഡലത്തിന്റെയാണോ; എം.സി. റോഡ് ഏതെങ്കിലും ഒരു മണ്ഡലത്തിന്റെയാണോ? അങ്ങനെയാണെങ്കിൽ അടൂർ, പന്തളം, ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശ്ശേരി തുടങ്ങിയ എം.സി. റോഡുകളിൽക്കൂടി അങ്ങ് സഞ്ചരിച്ചുനോക്കണം. ചെങ്ങന്നൂരിൽ നല്ല വർക്ക് നടക്കുമ്പോൾ തിരുവല്ലയിൽ വർക്ക് നടക്കുന്നില്ല, ചങ്ങനാശ്ശേരിയിൽ വർക്ക് നടക്കുന്നു, ഇങ്ങനെയൊക്കെ കാണിക്കുന്നത് വിവേചനമല്ലേ? സ്റ്റേറ്റ്

ഹൈവേയിൽ വികസനം നടത്തുന്നതിൽ വിവേചനപരമായൊരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കഴിഞ്ഞ നാലുവർഷക്കാലമായി എല്ലാകാര്യത്തിലും ഞങ്ങൾക്ക് ഇടപെടേണ്ടതായി വന്നൊരു വിഷയം..... 140 നിയോജക മണ്ഡലങ്ങളിലും യാതൊരു വിവേചനവുമില്ലാതെ, അസറ്റ് ഡെവലപ്മെന്റ് ഫണ്ട് കൊടുത്തുവെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ആ ഫണ്ട് ഈ സർക്കാരിന്റെ ഔദാര്യമാണോ? അത് ഞങ്ങളുടെ അവകാശമാണ്. കേരളത്തിലെ ജനങ്ങൾ അവരുടെ ജീവിതവുമായി ബന്ധപ്പെട്ട് ചെലവഴിക്കുന്ന പണത്തിൽനിന്ന് നികുതിയിനത്തിൽ ലഭിക്കുന്ന പണമാണ് ഈ ഖജനാവിലേയ്ക്ക് വരുന്നത്. അത് യു.ഡി.എഫ്. സർക്കാരിന് പുട്ടടിക്കാനുള്ളതാണോ? ആ പണം അവർക്കെടുത്ത് ഇഷ്ടംപോലെ ചെലവഴിക്കാൻ വേണ്ടിയുള്ളതാണോ? ഞങ്ങളുടെ 67 എം.എൽ.എ.-മാർക്കും യു.ഡി.എഫ്.-ന്റെ ആളുകളും വോട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ ആ മണ്ഡലങ്ങളോട് ഇങ്ങനെയൊരു സമീപനം സ്വീകരിക്കാമോ? ഞങ്ങൾ എം.എൽ.എ.-മാരായി തെരഞ്ഞെടുക്കപ്പെട്ടാൽ തീർച്ചയായും ജനങ്ങളുടെ എം.എൽ.എ- മാരാണ്. അല്ലാതെ യു.ഡി.എഫ്.-ന്റെ എം.എൽ.എ., എൽ.ഡി.എഫ്.-ന്റെ എം.എൽ.എ. എന്നുള്ള നിലയിലല്ല ഞങ്ങൾ നിൽക്കുന്നത്. ആ മണ്ഡലങ്ങളിൽ കോൺഗ്രസ്സുകാരടക്കം

ഞങ്ങൾക്ക് വോട്ട് നൽകി യിട്ടുണ്ട്. അവരോട് ഇത്തരം ദ്രോഹസമീപനം നിങ്ങൾക്ക് സ്വീകരി ക്കാമോ? കഴിഞ്ഞ നാലുവർഷക്കാലമായി അസറ്റ് ഡെവലപ്‌മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട വിഷയത്തിൽ അംഗീകരിച്ചുവെന്ന് പറഞ്ഞു. പക്ഷേ എ.എസ്. കിട്ടുന്നില്ല, എ.എസ്. ലഭിച്ചാൽ ടി.എസ്. ലഭിക്കുന്നില്ല, ഇത് രണ്ടും കിട്ടിയാൽ ടെണ്ടർ നടപടികൾ നടക്കുന്നില്ല, ഒരു വർക്കും നടക്കുന്നില്ല. അതേസമയം യു.ഡി.എഫ്. എം.എൽ.എ.-മാർ കൊടുക്കുന്നിടത്ത് പെട്ടെന്ന് പണം അനുവദിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും അവിടെ വികസനം നന്നായി നടക്കുകയും ചെയ്യും. ഈ ഗവൺമെന്റ് എൽ.ഡി.എഫ്.-നോട് ചിറ്റമ്മനയമാണ് സ്വീകരിക്കുന്നത്. അതാണോ അസറ്റ് ഡെവലപ്‌മെന്റ് ഫണ്ട് വിഷയത്തിലും സ്വീകരിച്ചിരിക്കുന്നത്? ഗ്രാമീണ റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാലുവർഷക്കാലമായി ഞങ്ങൾ എല്ലാവരും കയറി ഇറങ്ങുകയാണ്. അദ്ദേഹത്തെ ഓഫീസിൽ പോയി കണ്ടാൽ അദ്ദേഹം പലതരത്തിലാണ് അതിനെ സമീപിക്കുന്നത്. ഒരു പ്രതിപക്ഷ എം.എൽ.എ. എന്നുകണ്ടാൽ അദ്ദേഹം കൊടുക്കുന്ന അപേക്ഷയ്ക്കകത്ത് ഒരു സ്റ്റാഫിന്റെ പേര് എഴുതുകയും പോയി കാണാനും പറയും. ആ സ്റ്റാഫിന്റെ പേര് എഴുതി വയ്ക്കും. എല്ലാ ശരിയാക്കി തരാമെന്ന് പറയും. അത് കഴിഞ്ഞ് അടുത്ത ഒരു പ്രതിപക്ഷ എം.എൽ.എ. പോയാൽ ഫയലിൽ 'please

examine and take necessary action' എന്ന് എഴുതും, എന്നിട്ട് ഫയൽ എം.എൽ.എ.-ക്ക് കൊടുക്കും. ആ എം.എൽ.എ. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പോകും. ഫയൽ ചീഫ് എഞ്ചിനീയർ സന്തോഷത്തോടെ വാങ്ങിവയ്ക്കും. പക്ഷെ അവിടെ ഒരു ആക്ഷനും നടക്കുന്നില്ല. ഓരോ തവണയും ഈ എം.എൽ.എ. കയറിയിറങ്ങുമ്പോൾ കുതിരവട്ടം പപ്പു സിനിമയിൽ പറയുന്നതുപോലെ 'ഇപ്പോൾ ശരിയാക്കി തരാം.. ഇപ്പോൾ ശരിയാക്കി തരാം...' എന്ന് പറഞ്ഞ് എം.എൽ.എ.-യെ ശരിയാക്കുന്നതല്ലാതെ ഒരു നടപടിയും സ്വീകരിക്കുന്നില്ല. എന്നാൽ യു.ഡി.എഫ്.-ലെ ഒരു എം.എൽ.എ. ഇതുമായി ചെന്നാൽ 'please issue A.S and report it' എന്നാണ് എഴുതുന്നത്. ഇതാണോ കേരളത്തിലെ ജനങ്ങളോട് കാണിക്കുന്ന നീതി, ഇതാണോ ജനാധിപത്യം? മുഖ്യമന്ത്രി എപ്പോഴും കേരളത്തിൽ കരുതലും വികസനവും നടപ്പാക്കുന്നതിനെക്കുറിച്ച് പറയുമല്ലോ, ഇങ്ങനെയാണോ നടപ്പിലാക്കുന്നത്, മുഖ്യമന്ത്രി ഇത് സംബന്ധിച്ച് മറുപടി പറയണം. മുഖ്യമന്ത്രിയുടെ മറുപടിയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഈ വിഷയത്തിൽ ഇങ്ങനെയുള്ള സമീപനമാണോ സ്വീകരിക്കേണ്ടത്? ഗ്രാമീണ റോഡ് പദ്ധതിയിൽ ആദ്യം ഇറക്കിയ ലിസ്റ്റാണ് ഇത് (ഉയർത്തിക്കാണിക്കുന്നു). ഇവിടെ യു.ഡി.എഫ്. എം.എൽ.എ.-മാരുടെയും എൽ.ഡി.എഫ്. എം.എൽ.എ.-മാരുടെയും പേരുകൾ

വായിച്ചു. എല്ലാവർക്കും 5 കോടി രൂപ കൊടുക്കാനാണ് തീരുമാനം. പക്ഷേ യു.ഡി.എഫ്.-ലെ എൽ.എൽ.എ.-മാർക്ക് കൃത്യമായി 5 കോടിയും മുസ്ലീം ലീഗ് എം.എൽ.എ.-മാർക്ക് അവർ ആവശ്യപ്പെടുന്ന തുകയും അനുവദിക്കും. മഞ്ചേശ്വരം എം.എൽ.എ. 11-07-2015-ൽ പത്രസമ്മേളനം നടത്തി, മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു, 61 റോഡുകൾക്ക് 10.79 കോടി രൂപ എന്ന്. എന്റെ കൈയിൽ ഇത് സംബന്ധിച്ച രേഖയുണ്ട്. ഇത്രയും തുക എങ്ങനെയാണ് കിട്ടിയത്? അതിന് സമീപത്തുള്ള ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) എം.എൽ.എ.-യ്ക്ക് കൊടുത്തോ? 11 കോടി രൂപ മഞ്ചേശ്വരം എം.എൽ.എ.-യ്ക്ക് കൊടുത്തു. ഇവിടെ എൽ.ഡി.എഫ്. എം.എൽ.എ.-മാരുടെ പേര് അദ്ദേഹം വായിച്ചു. ഇതാണ് ആദ്യമിറങ്ങിയ, ജൂൺ മാസത്തെ ലിസ്റ്റ് (ഉയർത്തിക്കാണിക്കുന്നു). അതിൽ അരുവിക്കര എം.എൽ.എ.-യ്ക്കും ശ്രീ. പാലോട് രവി എം.എൽ.എ.-യ്ക്കും ബഹുമാന്യനായ സ്പീക്കർക്കും 5 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. യു.ഡി.എഫ്. എം.എൽ.എ.-മാർക്കെല്ലാം 5 കോടി അനുവദിച്ചിരിക്കുന്നു. എൽ.ഡി.എഫ്. എം.എൽ.എ.-മാർക്ക് പരാതി ഒഴിവാക്കാൻവേണ്ടി 25 ലക്ഷം, 20 ലക്ഷം, 10 ലക്ഷം എന്നിങ്ങനെയാണ് നൽകിയിരിക്കുന്നത്. ഇന്നലെ ഇറങ്ങിയ ഓർഡറിലും യു.ഡി.എഫ്.-ലെ എം.എൽ.എ.-മാർക്ക് 5 കോടിയാണ് അനുവദിച്ചിരിക്കുന്നത്. ശ്രീ. ഷിബു ബേബി

ജോണിനും ശ്രീ. എ. എ. അസീസിനും ആദ്യത്തെ ഓർഡറിലും രണ്ടാമത്തെ ഓർഡറിലും 5 കോടി വീതം അനുവദിച്ചിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ എല്ലാ മന്ത്രിമാർക്കും എം.എൽ.എ. മാർക്കും 5 കോടിയാണ് അനുവദിച്ചിട്ടുള്ളത്. പുട്ട് ഉണ്ടാക്കുമ്പോൾ പുട്ടിന് രുചി കൂട്ടണമെങ്കിൽ തേങ്ങാപ്പീര ചേർക്കണം. അതുപോലെ എൽ.ഡി.എഫ്.-ലെ എം.എൽ.എ.-മാർക്ക് എന്തെങ്കിലും കൊടുത്ത് ജനങ്ങളുടെ കണ്ണിൽ മണ്ണിടാൻവേണ്ടിയുള്ള പരിശ്രമമാണ് യു.ഡി.എഫ്. ഗവൺമെന്റ് നടത്തുന്നത്. എൽ.ഡി.എഫ്.-ലെ എം.എൽ.എ.- മാർക്കും തുക അനുവദിക്കുന്നു എന്ന് പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള സമീപനമാണ് പൊതുമരാമത്ത് വകുപ്പുമന്ത്രി സ്വീകരിക്കുന്നത്. ഇത് ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. ഇവിടെ അദ്ദേഹം ധാരാളം കണക്കുകൾ പറഞ്ഞു. ശ്രീ. ജെയിംസ് മാത്യൂ എം.എൽ.എ.-യുടെയും ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ.-യുടെയും മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് എ.എസ്.-ഉം ടി.എസ്.-ഉം കൊടുത്തതാണ്. പക്ഷെ പണമില്ലെന്ന് പറഞ്ഞ് വർക്ക് നടക്കുന്നില്ല. എന്റെ മണ്ഡലത്തിൽ ബഡ്ജറ്റ് വർക്കുമായി ബന്ധപ്പെട്ട് നിരവധി പ്രൊപ്പോസലുകൾ കൊടുത്തിരുന്നു. പ്രൊപ്പോസൽ ഇല്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ആ പ്രൊപ്പോസലുമായി ബന്ധപ്പെട്ട് ഇതുവരെ ഒരു വർക്കും നടന്നിട്ടില്ല. ധാരാളം

പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. ബഡ്ജറ്റിൽ വന്നതുതന്നെ എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം ഇല്ല എന്ന കാരണത്താൽ ടെണ്ടർ നടപടി നടത്താൻ പറ്റാത്ത അവസ്ഥയായി. ഇങ്ങനെ പക്ഷപാതപരമായ സമീപനമാണ് പൊതുമരാമത്ത് വകുപ്പുമന്ത്രി മാത്രമല്ല മിക്കവാറും എല്ലാ മന്ത്രിമാരും ഫ്ലഡ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് സ്വീകരിക്കുന്നത്. ഫ്ലഡ് ഉണ്ടാകുമ്പോൾ നമുക്ക് നേരത്തെ തുക ലഭിച്ചു കൊണ്ടിരുന്നതാണ്. അതിൽത്തന്നെ എൽ.ഡി.എഫ്.-ലെ എം.എൽ.എ.-മാർക്ക് വളരെ കുറച്ച് തുകയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിൽ എനിക്ക് 50 ലക്ഷംരൂപ തരുമ്പോൾ യു.ഡി.എഫ്. നേതാക്കൻമാർക്ക് ഒരു വാർഡിൽ 50 ലക്ഷവും ഒരു കോടിയും കൊടുക്കുന്നു. ഇത് നിങ്ങൾ പരിശോധിക്കണം. ഇപ്പോൾ മുസ്ലീം ലീഗ് എം.എൽ.എ.-മാർക്ക് കൊടുത്തതുൾപ്പെടെ പരിശോധിച്ച് ഈ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണം. ഇതാണോ നിങ്ങളുടെ നീതിപൂർവ്വമായ പെരുമാറ്റം? ഇപ്പോൾ ഫ്ലഡിന് കേന്ദ്ര ഗവൺമെന്റ് പുതിയ മാനദണ്ഡം നിശ്ചയിച്ചിരിക്കുകയാണ്. ആ മാനദണ്ഡം അനുസരിച്ച് ആ പണം ഇവിടെ വിനിയോഗിക്കാൻ കഴിയില്ല. പൊതുമരാമത്ത് വകുപ്പ് ഗ്രാമീണ റോഡുകൾക്ക് പണം അനുവദിക്കുമ്പോൾ ആ വിഷയംകൂടി പരിഗണിച്ച് കേരളത്തിലെ പൊതുവായ വികസനം എല്ലാ മേഖലയിലും എത്തിക്കാൻ

കഴിയത്തക്ക നിലയിൽ എല്ലാ മണ്ഡലത്തിലും യാതൊരു വിവേചനവുമില്ലാതെ പരമാവധി പണം കൊടുത്തുകൊണ്ട് കേരളത്തിൽ വികസനം നടപ്പിലാക്കാൻ പരിശ്രമിക്കണം. അത്തരമൊരു ശ്രമം നടത്താതെ ജനാധിപത്യവിരുദ്ധമായ സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്, പ്രവാചകൻ പറഞ്ഞിട്ടുള്ളത്, വിഭവങ്ങളെ സംരക്ഷിക്കുകയും സമാഹരിക്കുകയും അവയെ നീതിപൂർവം വിതരണം ചെയ്യുകയും വേണമെന്ന സുസ്ഥിര കാഴ്ചപ്പാടാണ് ജനപ്രതിനിധിക്ക് വേണ്ടതെന്നാണ്. ഈ റംസാൻ മാസത്തിൽ പ്രവാചകൻ പറഞ്ഞ വാചകത്തെപ്പോലും നിഷ്കരുണം തള്ളിക്കളഞ്ഞുകൊണ്ടല്ലേ അദ്ദേഹം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ഇത് ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ്, ജനങ്ങളെ അപമാനിക്കുന്നതിന് തുല്യമാണ്. അദ്ദേഹം ധാരാളം കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിരുന്നു. എല്ലാത്തിന്റെയും രേഖകൾ എന്റെ കൈയിലുണ്ട്. അതുപോലെ ഫ്ലാഗ്ഷിപ്പുമായി ബന്ധപ്പെട്ട് കൊടുത്തിട്ടുള്ളതെല്ലാം യു.ഡി.എഫ്.-ലെ എം.എൽ.എ.-മാർക്കാണ്. അതും പരിശോധിക്കണം. പല കാര്യങ്ങൾക്കും അദ്ദേഹം പറഞ്ഞത് പ്രത്യേകമായി ഭരണാനുമതി കൊടുക്കുന്നു എന്നാണ്. എന്നാൽ ഒന്നും കൊടുക്കുന്നില്ല. ശ്രീ. പി. ഉബൈദുള്ളയുടെ ചോദ്യത്തിന് ഭരണാനുമതി പത്ത് ദിവസത്തിനുള്ളിൽ

കൊടുക്കണമെന്ന് പറയുന്നുണ്ട്. അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ആരംഭിച്ച കാലത്ത് കൊടുത്ത പദ്ധതികൾക്ക് പല മണ്ഡലങ്ങളിലും ഇപ്പോഴും ഭരണാനുമതി കിട്ടാനുണ്ട്. ഉദ്യോഗസ്ഥൻമാരില്ലാത്ത പ്രശ്നം മാത്രമല്ല, യു.ഡി.എഫ്. നിർദ്ദേശിക്കുന്ന, മന്ത്രിയുടെ ഓഫീസ് നിർദ്ദേശിക്കുന്ന, മുഖ്യമന്ത്രി നിർദ്ദേശിക്കുന്ന വർക്കുകൾക്ക് മാത്രം എ.എസ്. കൊടുത്താൽ മതി, പണം കൊടുത്താൽ മതിയെന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരി ക്കുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഇത് സത്യപ്രതിജ്ഞാ ലംഘനമാണ്, ഭരണഘടനയോട് കാണിക്കുന്ന അനാദരവാണ്. ഭരണഘടനയോട് അനാദരവ് കാണിച്ചാൽ, സത്യപ്രതിജ്ഞാ ലംഘനം നടത്തിയാൽ, വിവേചനം കാണിച്ചാൽ ആ മന്ത്രിയെ തൽസ്ഥാനത്തുനിന്ന് മാറ്റാനുള്ള അവകാശമുണ്ട്. ഈ വിഷയത്തിൽ വളരെ ഗൗരവമായ ചർച്ച ഈ സഭ നടത്തണം. ബഡ്ജറ്റ് പ്രൊപ്പോസലിന്റെ കാര്യത്തിൽപ്പോലും ഇത്തരം സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്.-ലെ എം.എൽ.എ.-മാർ അവരുടെ മണ്ഡലങ്ങളിൽ കൊടുക്കുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഞങ്ങൾ പല പ്രാവശ്യം ചർച്ച ചെയ്തതാണ്. ബഡ്ജറ്റിൽ കൊടുക്കുന്ന തുകപോലും തരാതിരിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്, ഇത് അവസാനിപ്പിക്കണം. ഈ വിഷയം വളരെ ഗൗരവമായി സഭ

ചർച്ച ചെയ്ത് അടിയന്തര നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ അഭിപ്രായം പറയണമെന്നും ഇത് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ പത്രസമ്മേളനം നടത്തിയതായുള്ള പരാമർശത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നു. അത് അടിസ്ഥാനരഹിതമാണ്. 10 കോടി 79 ലക്ഷം രൂപ എന്ന് പത്രത്തിൽ കൊടുത്തത് ശരിയാണ്. അസറ്റ് ഫണ്ട്, പി.ഡബ്ല്യു.ഡി. ഫണ്ട്, ഗ്രാമീണ ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നീ നാല് ഫണ്ടുകൾകൂടിയാണ് കൊടുത്തിട്ടുള്ളത്. ആ പരാമർശം ശരിയല്ല. അതുകൊണ്ട് ആ പരാമർശം പിൻവലിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ...... (ബഹളം).......

മി. സ്പീക്കർ: പ്ലീസ് .......... പ്ലീസ് ..... ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മറുപടി പറഞ്ഞതിനുശേഷം ആവശ്യമുണ്ടെങ്കിൽ വിളിക്കാം. ...... (ബഹളം)........ ശ്രീ. വി. എസ്. സുനിൽ കുമാർ, മിനിസ്റ്ററുടെ മറുപടി കഴിഞ്ഞതിനുശേഷം ആവശ്യമുണ്ടെങ്കിൽ വിളിക്കാമെന്ന് ചെയർ വളരെ വ്യക്തമായി പറഞ്ഞു. പിന്നെ എന്തിനാണ് ബഹളം വയ്ക്കുന്നത്? .......(ബഹളം)........ നമ്മുടെ

നിയമസഭയുടെ നിലവാരം താഴ്ന്നുപോകുന്നു. .......(ബഹളം)........ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് വളരെ സീനിയർ മെമ്പറാണ്. നമ്മുടെ നിയമസഭയെ ഇത്തരത്തിലേയ്ക്ക് താഴ്ത്തിക്കൊണ്ടുപോകാൻ അങ്ങ് അനുവദിക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ മഞ്ചേശ്വരം എം.എൽ.എ.-യെക്കുറിച്ച് പരാമർശമുണ്ടായപ്പോൾ അദ്ദേഹത്തിന് വ്യക്തിപരമായ വിശദീകരണം നടത്താൻ അങ്ങ് അനുവാദം കൊടുത്തു. അതുപോലെ പ്രതിപക്ഷ അംഗങ്ങളെ സംബന്ധിച്ചും പരാമർശമുണ്ടായിട്ടുണ്ട്. അവർക്കും വിശദീകരണം നൽകാൻ അങ്ങ് അനുമതി നൽകാത്തതെന്താണ് എന്നാണ് അംഗങ്ങൾ ചോദിക്കുന്നത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്ററെ വിളിച്ചുകഴിഞ്ഞു, അദ്ദേഹം സംസാരിക്കട്ടെ, ആവശ്യമുണ്ടെങ്കിൽ അവരെയും വിളിക്കാമെന്നാണ് ചെയർ പറഞ്ഞത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ശ്രീ. ചിറ്റയം ഗോപകുമാർ, പ്രസംഗിക്കുമ്പോൾ പ്രധാനമായി പറഞ്ഞത്, മുസ്ലീംലീഗ് എം.എൽ.എ.-മാർക്ക് കൂടുതൽ ഫണ്ട് അനുവദിച്ചുവെന്നാണ്. അതിൽ ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.-യുടെ പേരാണ് എടുത്തുപറഞ്ഞത്. ഗ്രാമീണ റോഡുകൾക്ക് ബൾക്കായിട്ടാണ് എ.എസ്. കൊടുത്തിട്ടുള്ളത്. അതുസംബന്ധിച്ച

മുഴുവൻ രേഖകളും ഞാൻ കൊണ്ടുവന്നിട്ടുണ്ട്, അങ്ങ് ആവശ്യപ്പെട്ടാൽ ഞാനത് സഭയുടെ മേശപ്പുറത്ത് വയ്ക്കാം. 5 കോടി രൂപയിൽ കൂടുതൽ ഒരു പൈസയും മഞ്ചേശ്വരം എം.എൽ.എ.-യ്ക്ക് കൊടുത്തിട്ടില്ല. ആവശ്യപ്പെട്ടത് വളരെ വൈകിയായതു കൊണ്ട് കാസർഗോഡ് എം.എൽ.എ.-യ്ക്ക് ഇതുവരെ ഫണ്ട് അനുവദിച്ചി ട്ടില്ല. ഇവിടെ പറഞ്ഞത്, മഞ്ചേശ്വരം, കാസർഗോഡ് എം.എൽ.എ.-മാർക്ക് കൂടുതൽ ഫണ്ട് അനുവദിച്ചുവെന്നാണ്. ശ്രീ. ചിറ്റയം ഗോപകുമാർ ബോധപൂർവ്വമല്ല, തെറ്റിദ്ധരിച്ച് പറഞ്ഞതാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആവശ്യമാണെങ്കിൽ ശ്രീ. ചിറ്റയം ഗോപകുമാറിന് ഇതുസംബന്ധിച്ച രേഖകൾ നൽകാനും സഭയുടെ മേശപ്പുറത്ത് വയ്ക്കാനും തയ്യാറാണ്. ഇവിടെ എല്ലാവരും മനസ്സിലാക്കേണ്ട സ്ഥിതിവിശേഷം, പൊതുമരാമത്ത് വകുപ്പിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിൽ ഒരു വർഷം 116-124 കോടി രൂപയിൽ കൂടുതൽ ഫണ്ട് ബഡ്ജറ്ററി സപ്പോർട്ട് കിട്ടാറില്ലെന്നുള്ളതാണ്. ബിൽഡിംഗ്സിന് 16-25 കോടി രൂപയാണ് ലഭിക്കുന്നത്. ഈ തുക കൊണ്ട് വർക്ക് നടത്തിയാൽ ഒരു വർക്കും സംസ്ഥാനത്ത് നടക്കില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരമാണ് പല പദ്ധതികളും ഏറ്റെടുക്കുകയും പല സ്ഥലങ്ങളിൽ നിന്ന് ഫണ്ട് മൊബിലൈസ് ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തത്. അത് വമ്പിച്ച

തോതിൽ വിജയിച്ചിട്ടുണ്ട്. പല കാരണങ്ങൾ കൊണ്ട് വർക്ക് ഫിനിഷ് ചെയ്യാൻ സാധിച്ചിട്ടില്ല. ഉദാഹരണമായി കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നത് മുഴുവൻ പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലാണ്. ശ്രീ. ആർ. രാജേഷിന്റെ മണ്ഡലത്തിലെ ഒരു ഉദ്ഘാടനത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ശ്രീ. ആർ. രാജേഷിന് ഇത്രയും വലിയ പദ്ധതി കൊണ്ടുവരാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ മുഖമുദ്രയാണെന്നാണ്. 116-124 കോടി രൂപയിൽ നിന്ന് ശ്രീ. ചിറ്റയം ഗോപകുമാർ മുതൽ ശ്രീ. വി. ചെന്താമരാക്ഷൻ വരെയുള്ള ആളുകൾക്ക് 28 കോടി രൂപ ഇപ്പോൾ തന്നെ കൊടുത്തുകഴിഞ്ഞു. അതുസംബന്ധിച്ച ലിസ്റ്റ് എന്റെ കയ്യിലുണ്ട്. അപ്പോൾ കൊടുക്കൽ നടക്കുന്നുണ്ട്, ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. തുല്യമായി ഫണ്ട് വിതരണം ചെയ്യാൻ കഴിയില്ല. പലപ്പോഴും നീഡ് ബേസിസിലാണ് കാര്യങ്ങൾ ചെയ്യുന്നത്. എന്തെങ്കിലും കുറവ് ഉണ്ടെങ്കിൽ പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.-മാർ ഇതുമായി സഹകരിക്കണം. ശ്രീ. ജി. സുധാകരൻ, എം.എൽ.എ.-യ്ക്ക് ഫണ്ട് അനുവദിച്ച് ഇന്നലെ ഓർഡർ ആയിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, ഇന്നലെ വൈകിട്ട് ഓർഡർ ആയെങ്കിലും കോപ്പി

കിട്ടിയിട്ടില്ല.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, നെറ്റിൽ ഓർഡർ വന്നിട്ടുണ്ട്. താങ്കൾ തെറ്റിദ്ധരിച്ച് പറയുകയാണ്. പ്രതിപക്ഷത്തുനിന്നും ആര് ഫണ്ട് ആവശ്യപ്പെട്ടാലും ചോദിക്കുന്ന അത്രയും അല്ലെങ്കിലും നീഡ് ബേസിസിൽ കൊടുക്കുമെന്ന് ഞാൻ ഉറപ്പിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സഹകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചു കൊണ്ട് നിർത്തുന്നു. ........(ബഹളം)........

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇങ്ങനെയൊരു പരാതി പ്രതിപക്ഷത്തുനിന്നും ഒരിക്കലും ഉണ്ടാകരുതെന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്. അതിനുവേണ്ടിയാണ് എല്ലാ കാര്യങ്ങൾക്കും പൊതുമാനദണ്ഡം വച്ചത്. പുതിയ കോളേജുകൾ അനുവദിച്ച സാഹചര്യത്തിൽ, കോളേജുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ പുതിയ കോളേജുകൾ അനുവദിക്കണമെന്ന് പറഞ്ഞപ്പോൾ എല്ലാവരും അതിനോട് യോജിച്ചു. വളരെ നാളുകൾ കൂടിയാണ് പുതിയ കോളേജുകൾ അനുവദിച്ചത്. അപ്പോൾ സ്വാഭാവികമായും പിടിവലി ഉണ്ടാകും. ഗവൺമെന്റ് കോളേജുകൾ അനുവദിച്ചതിൽ ഭൂരിപക്ഷവും പ്രതിപക്ഷ

എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലാണ്. ശ്രീ. ചിറ്റയം ഗോപകുമാർ പറഞ്ഞ വാചകം ഞാൻ ആവർത്തിക്കുന്നു, ഞാനതിൽ വിശ്വസിക്കുന്നു. ഔദാര്യമല്ല, അവകാശമാണ്. ഞങ്ങൾ ഔദാര്യം കാണിച്ചുവെന്നല്ല പറയുന്നത്, പക്ഷപാതം കാണിച്ചില്ല. ഇവിടെ ആരോഗ്യ സ്ഥാപനങ്ങൾ പലതും വന്നു. എല്ലാം ഇല്ലാത്ത പഞ്ചായത്തുകൾക്കാണ് അനുവദിച്ചത്. ആയുർവ്വേദ ഡിസ്പെൻസറികൾ ഇല്ലാത്ത 77 പഞ്ചായത്തുകളിൽ ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിച്ചു. ഇന്ന് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ഡിസ്പെൻസറികൾ ഉണ്ട്. കൃത്യമായ കണക്ക് ഇപ്പോൾ പറയാൻ കഴിയില്ലെങ്കിലും 77-ൽ കൂടുതലും പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ തന്നെയാണ്. 17 യു.ഡി.എഫ്.-ലെ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും 16 എൽ.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും കാരുണ്യ ഫാർമസി അനുവദിച്ചു. അതിലും പക്ഷപാതം കാണിച്ചിട്ടില്ല. 110 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചു. അതുസംബന്ധിച്ച ഫയൽ വരുമ്പോൾ, ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ആണോയെന്ന ഒരു കാര്യം മാത്രമാണ് ചോദിച്ചത്. കാരണം ഉള്ള പഞ്ചായത്തുകളിൽ ഒന്നുകൂടിവേണമെന്ന ഡിമാന്റ് വന്നുതുടങ്ങി. പക്ഷേ, അത് എല്ലാ പഞ്ചായത്തുകളിലും വന്നതിനുശേഷമേ ആകാവൂ എന്ന് തീരുമാനിച്ചു. ഈ ഗവൺമെന്റ് പുതിയ 25

പി.എച്ച്.സി.-കൾ ആരംഭിച്ചു. ഇപ്പോൾ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും പി.എച്ച്.സി.-കളുണ്ട്. അവിടെയും ഒരു വിവേചനവും ഉണ്ടാകാതെയാണ് ചെയ്തത്. അതിൽ 25-ാമത്തേതാണ് എന്റെ നിയോജകണ്ഡലത്തിലെ സ്വന്തം പഞ്ചായത്തായ പുതുപ്പള്ളിയിലെ പി.എച്ച്.സി. എന്ന് പറയാൻ കൂടി ആഗ്രഹിക്കുകയാണ്. കാരണം അതിനുമുമ്പ് അനുവദിച്ചപ്പോഴെല്ലാം അവസാനം മതിയെന്ന് ഞാൻ പറഞ്ഞു. 25-ാമത്തേതായി നാലാമത്തെ വർഷമാണ് പുതുപ്പള്ളിയിൽ പി.എച്ച്.സി. അനുവദിച്ചിട്ടുള്ളത്. ഞങ്ങൾ പരമാവധി ആഗ്രഹിക്കുന്നത് ഇതുതന്നെയാണ്. ഇവിടെ തെരഞ്ഞെടുക്കപ്പെട്ട് വന്നിട്ടുള്ള എല്ലാവരും ജനപ്രതിനിധികളാണ്. ജനങ്ങളോട് ഉത്തരവാദിത്വമുള്ളവരാണ്, അത് വേണമെന്നുള്ളതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. ഈ ഗവൺമെന്റ് വളരെ കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒരു മേഖലയാണ് കരുതലിന്റെ പേരിലുള്ള 'കാരുണ്യാ ബെനവലന്റ് ഫണ്ടും', 'സി.എം.ഡി.ആർ.എഫ്.-ഉം. 'കാരുണ്യാ ബെനവലന്റ് ഫണ്ടി'ൽനിന്ന് 742 കോടി രൂപയാണ് കഴിഞ്ഞ മാസം വരെ സഹായധനമായി കൊടുത്തിട്ടുള്ളത്. സി.എം.ഡി.ആർ.എഫ്.-ൽ നിന്ന് 500 കോടിയിലധികം രൂപയാണ് നൽകിയിട്ടുള്ളത്. എന്തെങ്കിലും വിവേചനം കാണിച്ചിട്ടുണ്ടോ; ആർക്കെങ്കിലും പരാതിയുണ്ടോ എന്ന് ഞാനിവിടെയിരിക്കുന്ന

മെമ്പർമാരോട് ചോദിക്കുകയാണ്. അതെല്ലാം നിശ്ചിതമായ മാനദണ്ഡം വച്ച് ചെയ്യുകയെന്നുള്ളതാണ്. വികസനവും കരുതലും എല്ലാവർക്കും ഒരുപോലെ നീതിപൂർവ്വകമായി ഉണ്ടാകണം എന്നതാണ് ഗവൺമെന്റിന്റെ ആഗ്രഹം. സ്കൂളുകളുടെ കാര്യം പറഞ്ഞാൽ, ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അത് അനുവദിക്കാൻ തീരുമാനിച്ചു. അല്ലാതെ ഭരണകക്ഷിക്കാർക്ക് ഒന്ന്, പ്രതിപക്ഷത്തിനൊന്ന് എന്നുള്ള നിലയിലെടുത്തിട്ടില്ല. ആസ്തി വികസന ഫണ്ട് ഒരു വർഷം 5 കോടി രൂപ വച്ച് കൊടുത്തിട്ടുള്ളത് ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലായെന്ന കാര്യവും മറക്കരുത്. അങ്ങനെ ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ഇങ്ങനെയൊരു പ്രമേയം, ഈ അഞ്ചാം വർഷത്തിൽ കൊണ്ടുവന്നത് ശരിയാണോയെന്ന് നിങ്ങൾ ആലോചിച്ചാൽ മതി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഞങ്ങളുടെ പ്രതിപക്ഷ എം.എൽ.എ.മാരെല്ലാംതന്നെ കൂടിയ സന്ദർഭങ്ങളിൽ അവരെല്ലാപേരും

പറഞ്ഞത് പദ്ധതിവിഹിതം പങ്കിട്ടതിൽ വിവേചനമുണ്ട് എന്നാണ്. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ചർച്ച അസംബ്ലിയിൽ നടക്കണമെന്ന് ഞങ്ങളാഗ്രഹിച്ചു. ഇപ്പോൾ ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ. ഉന്നയിച്ച പ്രശ്നത്തെ ആസ്പദമാക്കി പൊതുമരാമത്ത് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും അതു സംബന്ധിച്ച് ഓരോ വിശദീകരണം നൽകുകയുണ്ടായി. ആ വിശദീകരണത്തിൽ ഏതെങ്കിലും അസംബ്ലി മെമ്പർമാരോട് വിവേചനപരമായ നിലയിലുള്ള സമീപനം എടുത്തിട്ടുണ്ടോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് പരിശോധിച്ചിട്ട് ഉണ്ടെങ്കിൽ ആ വിവേചനം ഒഴിവാക്കണമെന്നുള്ള നിലയിലൊരു താൽപ്പര്യം മാത്രമെ ഞങ്ങൾക്കുള്ളൂ. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ഒരു രേഖ വായിക്കാനുദ്ദേശിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ഒരു ജനാധിപത്യ സർക്കാരാണോ; ജനാധിപത്യത്തെക്കുറിച്ച് വലിയ വായിൽ വർത്തമാനം പറയുന്നവരല്ലേ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും? എന്നാൽ പറയുന്നതൊന്ന് പ്രവർത്തിക്കുന്നത് മറ്റൊന്ന്. ഇത് നാം ദിവസവും കണ്ടുകൊണ്ടിരിക്കുകയാണ്. ജനാധിപത്യ സംവിധാനത്തിൽ ഭരണപക്ഷത്തുള്ളതുപോലെയുള്ള അവകാശങ്ങൾ പ്രതിപക്ഷത്തിനുമുണ്ട്. അത് അംഗീകരിക്കാനും അനുവദിച്ച് നൽകുവാനുമുള്ള ബാധ്യത ഭരണപക്ഷത്തിനുണ്ടാകണം. സർക്കാർ അധികാരത്തിൽ വരുമ്പോൾ

പ്രതിപക്ഷത്തെക്കാൾ വെറും 4 സീറ്റുകൾ മാത്രമാണ് ഭരണകക്ഷിക്ക് കൂടുതലുള്ളത്. വോട്ടിന്റെ കണക്ക് പറഞ്ഞാൽ സംസ്ഥാനമൊട്ടാകെ വെറും 3000 വോട്ടിന്റെ ഭൂരിപക്ഷം. എന്നുപറഞ്ഞാൽ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ സ്വാധീനത്തിന്റെ കാര്യത്തിൽ വലിയ വ്യത്യാസമൊന്നുമില്ല എന്നാണർത്ഥം. എന്നിട്ടും നിങ്ങൾ വെറുതെ ആന ഞെളിയുന്നതുപോലെ ഞെളിയുന്നത് ശരിയാണോ? ഈ സഭയിലെ 141 അംഗങ്ങളെയും ഒരുപോലെ കാണാനുള്ള ബാധ്യത ഈ സർക്കാരിനുണ്ട്. പക്ഷെ, സർക്കാർ അങ്ങനെ ചെയ്യുന്നില്ല. അധികാരത്തിന്റെ ഹുങ്കിൽ പ്രതിപക്ഷ എം.എൽ.എ.മാരെ നിങ്ങൾ അവഗണിക്കുകയാണ്. അവരോട് നിങ്ങൾ വിവേചനം കാട്ടുകയാണ്. എം.എൽ.എ. എന്നുള്ള നിലയിൽ അപ്പുറത്തിരിക്കുന്നവർക്കുള്ള എല്ലാ അവകാശവും ആനുകൂല്യവും ഇപ്പുറത്തിരിക്കുന്ന ഞങ്ങൾക്കുമുണ്ട്. പക്ഷെ, ഇത് കണക്കാക്കാതെ തികച്ചും സങ്കുചിതമായ രാഷ്ട്രീയലക്ഷ്യം വച്ച് പ്രതിപക്ഷ എം.എൽ.എ.മാരെ നിങ്ങൾ ദ്രോഹിക്കുകയാണ്. ജനങ്ങളുടെ മുമ്പിൽ പ്രതിപക്ഷ എം.എൽ.എ.മാരെ അപഹാസ്യരാക്കുകയാണ്. എന്തുകൊണ്ടാണ് എം.എൽ.എ.മാർക്ക് അവകാശപ്പെട്ട ആസ്തി വികസന ഫണ്ട് പ്രതിപക്ഷ എം.എൽ.എ.മാർക്ക് നൽകുന്നതിൽ ഇരട്ടത്താപ്പ് കാണിക്കുന്നത്? എന്തുകൊണ്ടാണ് പ്രതിപക്ഷ എം.എൽ.എ.മാരുടെ

മണ്ഡലങ്ങളിൽ റോഡുകൾക്കും പാലങ്ങൾക്കും മറ്റ് വികസന പ്രവർത്തനങ്ങൾക്കും ഫണ്ട് അനുവദിക്കാത്തത്? മണ്ഡലത്തിലെ ജനങ്ങൾക്കുവേണ്ടി എം.എൽ.എ.മാർ നൽകുന്ന നിവേദനങ്ങൾപ്പോലും നിങ്ങൾ ചവറ്റുകൊട്ടയിലെറിയുകയല്ലേ; എന്താണ് ഞങ്ങൾ ചെയ്ത കുറ്റം? പൊതു ഖജനാവ് കൊള്ളയടിക്കുകയും ജനങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യുന്ന മന്ത്രിമാരുടെ കള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതാണോ ഞങ്ങൾ ചെയ്യുന്ന കുറ്റം? ജനപക്ഷത്തുനിന്ന് പോരാടുന്നവർ എന്ന നിലയിൽ അതൊക്കെ ഇനിയും ഞങ്ങൾ ചെയ്യും. പക്ഷെ, അതിന്റെ പേരിൽ ഞങ്ങളുടെ ന്യായമായ അവകാശങ്ങൾ നിഷേധിക്കാൻ നിങ്ങൾക്കാർക്കും അധികാരം തന്നിട്ടില്ല. ഇവിടെ എല്ലാപേരും തുല്യരാണ്. എന്നാൽ ചിലർ കൂടുതൽ തുല്യരാണ് എന്ന നിങ്ങളുടെ സിദ്ധാന്തം അംഗീകരിക്കാൻ കഴിയില്ല. ഓരോ മണ്ഡലത്തിലും എം.എൽ.എ.മാർക്ക് ആസ്തി വികസന ഫണ്ടായി എത്ര പണം നൽകിയിട്ടുണ്ട് എന്നതിന്റെ കണക്ക് അവതരിപ്പിക്കാൻ മുഖ്യമന്ത്രി തയ്യാറാകണം. അതുപോലെ ഓരോ മണ്ഡലത്തിലും വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക സംബന്ധിച്ച വസ്തുതകൾ വെളിപ്പെടുത്താനും മുഖ്യമന്ത്രി തയ്യാറാകണം. ഇത് രാജഭരണമോ ദിവാൻ ഭരണമോ ഒന്നുമല്ല എന്നോർക്കണം. നിങ്ങളെപ്പോലെതന്നെ ഞങ്ങളും ജനങ്ങളുടെ വോട്ട് നേടി ഇവിടെ എത്തിയവരാണ്. ജനങ്ങൾ നൽകുന്ന നികുതിപ്പണമാണ് ആസ്തി വികസന

ഫണ്ടായും വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ടായും ഉപയോഗിക്കുന്നത്. ഇതിൽ നമുക്ക് ഇരുകൂട്ടർക്കും തുല്യമായ അവകാശമുണ്ട്. അതിന്മേൽ കൈവയ്ക്കാൻ ഞങ്ങൾ ആരെയും അനുവദിക്കില്ല. ഇനി അഴിമതിവീരന്മാരായ മന്ത്രിമാരുടെ മുന്നിൽ ഓച്ഛാനിച്ച് നിന്നാലേ പ്രതിപക്ഷ എം.എൽ.എ.മാർക്ക് അർഹതപ്പെട്ട ഫണ്ട് കിട്ടൂവെന്നാണോ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും കരുതുന്നത്? അത് നടപ്പില്ല. ഞങ്ങൾക്കർഹതപ്പെട്ട അവകാശങ്ങളും ആനുകൂല്യങ്ങളും തന്നേ തീരൂ. അതല്ലെങ്കിൽ അത് നേടിയെടുക്കുന്നതിനാവശ്യമായ കാര്യങ്ങൾ ഞങ്ങൾക്ക് ചെയ്യേണ്ടിവരും. അങ്ങേയ്ക്ക് ഒരു ചുമതലയില്ലേ സ്പീക്കർ സർ; ഇത്തരം കൊള്ളരുതായ്മകൾക്കെതിരെ ശബ്ദമുയർത്തുവാനുള്ള ഞങ്ങളുടെ അവകാശം സംരക്ഷിച്ചുതരേണ്ട ബാധ്യത അങ്ങേയ്ക്കുണ്ട്. എം.എൽ.എ.മാരോട് വിവേചനം കാണിക്കുന്നതിനെതിരെ നടപടിയെടുക്കാൻ അങ്ങേയ്ക്ക് ചുമതലയുണ്ട്. ഇക്കാര്യം ചർച്ച ചെയ്താൽ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും കാണിക്കുന്ന ധിക്കാരവും വിവേചനവുമെല്ലാം പുറംലോകമറിയും. അതുകൊണ്ട് സാധാരണ പ്രതിപക്ഷ നേതാവെന്നുള്ള നിലയിൽ ഞാൻ ചെയ്യുന്ന കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. കാരണം പി.ഡബ്ല്യൂ.ഡി. മിനിസ്റ്ററും മുഖ്യമന്ത്രിയും ഇതുസംബന്ധിച്ച് ഓരോ വിശദീകരണം നൽകിക്കഴിഞ്ഞു. ആ ഉറപ്പ് പാലിക്കുമെന്നുള്ള പ്രത്യാശയോടുകൂടി ഞാൻ നിറുത്തുന്നു.